# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത</u>
<u>ചോദ്യം നമ്പർ 3537</u>

<u>21-12-2012-ൽ മറുപടിക്ക്</u>

## <u>കോമൺ മാര്യേജ് ആക്ട്</u>

<u>ചോദ്യം</u>
ശ്രീ. സാജു പോൾ

<u>ഉത്തരം</u>
ഡോ. എം.കെ.മുനീർ
(പഞ്ചായത്തും സാമൂഹ്യക്ഷേമവും
വകുപ്പുമന്ത്രി)

(എ) കോമൺ മാര്യേജ് ആക്ട് പ്രകാരം പഞ്ചായത്തുകളിൽ വിവാഹം രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ ;

(എ) 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ പ്രകാരം പഞ്ചായത്തുകളിൽ വിവാഹം രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമം താഴെ ചേർക്കുന്നു.

1. വിവാഹത്തിലേർപ്പെട്ട കക്ഷികൾ ഈ ചട്ടങ്ങൾക്ക് അനുബന്ധമായിട്ടുള്ള 1-ാം നമ്പർ ഫാറത്തിൽ ഒരു മെമ്മോറാണ്ടം ഡ്യൂപ്ലിക്കേറ്റ് സഹിതം തയ്യാറാക്കേണ്ടതും മൂന്ന് സെറ്റ് ഫോട്ടോ സഹിതം ആയത് ബന്ധപ്പെട്ട തദ്ദേശ രജിസ്ട്രാർക്ക് അവരുടെ വിവാഹം നടന്ന തീയതി മുതൽ 45 ദിവസ കാലയളവിനുള്ളിൽ സമർപ്പിക്കേണ്ടതുമാണ്.

2. മെമ്മോറാണ്ടത്തിൽ വിവാഹത്തിലേർപ്പെടുന്ന ഇരു കക്ഷികളും വിവാഹത്തിനു സാക്ഷ്യം വഹിച്ച മറ്റ് രണ്ടാളുകളും ഒപ്പു വയ്ക്കേണ്ടതാണ്. ഏതെങ്കിലും സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകൾക്കു കീഴിൽ നിയമിക്കപ്പെട്ട ഒരു വിവാഹ ഓഫീസറുടെ മുമ്പാകെ നടന്ന വിവാഹത്തിന്റെ സംഗതിയിൽ വിവാഹ രജിസ്റ്ററിലോയോ വിവാഹ ഓഫീസർ സാക്ഷ്യപ്പെടുത്തിയ ഉൾക്കുറിപ്പുകളും മതാചാരപ്രകാരം നടന്ന വിവാഹത്തിന്റെ സംഗതിയിൽ ബന്ധപ്പെട്ട മതാധികാര സ്ഥാനം

നൽകുന്ന വിവാഹസാക്ഷ്യ പത്രത്തിന്റെ പകർപ്പോ ഒരു ഗസറ്റഡ് ഓഫീസറിൽ നിന്നോ പാർലമെന്റ് അംഗത്തിൽ നിന്നോ ഒരു നിയമസഭ അംഗത്തിൽ നിന്നോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗത്തിൽ നിന്നോ ഈ ചട്ടങ്ങൾക്ക് അനുബന്ധമായിട്ടുള്ള 11-ാം നമ്പർ ഫാറത്തിലുള്ള ഒരു പ്രഖ്യാപനം സഹിതമോ അല്ലെങ്കിൽ തദ്ദേശ രജിസ്ട്രാർക്ക് ബോദ്ധ്യമാകുംവിധം വിവാഹം നടന്നുവെന്ന് തെളിയിക്കുന്നതിനുള്ള മറ്റേതെങ്കിലും രേഖകൾ സഹിതമോ ഫയൽ ചെയ്യേണ്ടതാണ്. രജിസ്ട്രേഷന് വേണ്ടി മെമ്മോറാണ്ടം സമർപ്പിക്കുന്നതിനോടൊപ്പം രജിസ്റ്റർ ചെയ്യുന്നതിനുള്ള ഫീസായി 100 രൂപ നൽകേണ്ടതാണ്. എസ് സി/എസ്ടി, ബിപിഎൽ വിഭാഗത്തിന് വിവാഹം രജിസ്റ്റർ ചെയ്യുന്നതിനുള്ള ഫീസ് 10/-രൂപയാണ്.

3. ടി ചട്ടം നിലവിൽ വന്നതിനുശേഷം നടന്നതും 45 ദിവസക്കാലയളവിനുള്ളിൽ മെമ്മോറാണ്ടം ഫയൽ ചെയ്യാതിരിക്കുകയും വിവാഹ തീയതി മുതൽ ഒരു വർഷക്കാലാവധി കഴിയാത്തതുമായ വിവാഹങ്ങൾ മേൽ ഖണ്ഡിക (2) ൽ പറഞ്ഞ കാര്യങ്ങൾക്ക് വിധേയമായി 100/-രൂപ പിഴയോടുകൂടി വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് തദ്ദേശ രജിസ്ട്രാർ മുമ്പാകെ മെമ്മോറാണ്ടം ഫയൽ ചെയ്യാവുന്നതാണ്.

4. ടി ചട്ടം നിലവിൽ വന്നതിനുശേഷം നടന്നതും ഒരു വർഷത്തിനുള്ളിൽ മെമ്മോറാണ്ടം ഫയൽ ചെയ്യാതിരിക്കുകയും ചെയ്ത വിവാഹങ്ങൾ മേൽ ഖണ്ഡിക (2) ൽ പറഞ്ഞ കാര്യങ്ങൾക്കു വിധേയമായി ബന്ധപ്പെട്ട വിവാഹ (പൊതു) രജിസ്ട്രാർ ജനറലിന്റെ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ/മുനിസിപ്പൽ റീജിയണൽ ജോയിന്റ്

ഡയറക്ടർ) അനുമതിയോടുകൂടിയും 250/- രൂപ പിഴ നൽകിയും വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് തദ്ദേശ രജിസ്ട്രാർ മുമ്പാകെ മെമ്മോറാണ്ടം ഫയൽ ചെയ്യാവുന്നതാണ്.

5. വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് മുമ്പായി വിവാഹത്തിലേർപ്പെട്ട കക്ഷികൾ തദ്ദേശ രജിസ്ട്രാർ മുമ്പാകെ ഒരു പ്രാവശ്യമെങ്കിലും നേരിട്ട് ഹാജരാകേണ്ടതും വിവാഹ (പൊതു) രജിസ്റ്ററിൽ ഈ ആവശ്യത്തിലേക്കായി നൽകിയിട്ടുള്ള സ്ഥലത്ത് അവരുടെ ഒപ്പ് വയ്ക്കേണ്ടതുമാണ്.

6. വയസ്സും ജനന തീയതിയും തെളിയിക്കുന്നതിന് എസ്.എസ്.എൽ.സി ബുക്ക്, ഡ്രൈവിംഗ് ലൈസൻസ്, പാസ്പോർട്ട്, സ്കൂൾ പ്രവേശന രജിസ്റ്റർ അല്ലെങ്കിൽ സർക്കാർ നൽകിയ ജനന തീയതി കാണിക്കുന്ന മറ്റുരേഖകൾ എന്നിവ പോലെയുള്ള മതിയായ തെളിവ് ഹാജരാക്കേണ്ടതാണ്.

7. ഈ ചട്ടങ്ങൾ നിലവിൽ വരുന്നതിനുമുൻപ് നടന്ന വിവാഹങ്ങൾ ചട്ടം 4-ലെ വ്യവസ്ഥകൾക്ക് വിധേയമായാണ് രജിസ്റ്റർ ചെയ്യേണ്ടതെങ്കിലും വിവാഹ (പൊതു) രജിസ്ട്രാർ ജനറലിന്റെ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ/ നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ) അനുമതിയോ പിഴയോ കൂടാതെ തദ്ദേശ രജിസ്ട്രേഷൻ യൂണിറ്റിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള കാലാവധി 31-12-2012 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

(ബി) വിവാഹം രജിസ്റ്റർ ചെയ്ത് സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് ഈടാക്കുന്ന ഫീസ് എത്രയാണ്;

(ബി) വിവാഹ രജിസ്ട്രേഷൻ ഫീസ് 100 രൂപ. എസ്‌സി/എസ്ടി, ബിപിഎൽ വിഭാഗത്തിന് രജിസ്ട്രേഷൻ ഫീസ് 10/-രൂപ. സർട്ടിഫിക്കറ്റ് ഫീസ് 20/-രൂപ.

| | | | |
|---|---|---|---|
| (സി) | നിശ്ചിത ഫീസിൽ കൂടുതൽ തുക ഏതെങ്കിലും പഞ്ചായത്ത് ഈടാക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | കോമൺ മാര്യേജ് ആക്ട് നിലവിൽ വന്നതെന്നാണെന്ന് വ്യക്തമാക്കുമോ? | (ഡി) | സർക്കാരിന്റെ 29-2-2008 ലെ ജി.ഒ. (പി) നമ്പർ 1/2008/നിയമം നമ്പർ ഉത്തരവ് പ്രകാരം 29-2-2008 മുതലാണ് 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ നിലവിൽ വന്നത്. |

സെക്ഷൻ ഓഫീസർ